# ഇന്ത്യൻ വിദേശനയത്തെക്കുറിച്ച് സെമിനാർ

**ഇന്ത്യയുടെ** വിദേശനയം-ഭൂതം, വർത്തമാനം, ഭാവി എന്ന വിഷയത്തെക്കുറിച്ച് ദൽഹിയിലെ ജമാഅത്ത് ആസ്ഥാനത്ത് മാർച്ച് പത്തിന് ഒരു സെമിനാർ സംഘടിപ്പിച്ചു. ജമാഅത്തെ ഇസ്‌ലാമി, ജംഇയ്യത്തുൽ ഉലമായെ ഹിന്ദ്, ജംഇയ്യത്ത് അഹ്‌ലെ ഹദീസ് എന്നീ സംഘടനകളുടെ നേതൃത്വത്തിലായിരുന്നു സെമിനാർ. ദയൂബന്ദ് പ്രതിനിധികളും ശീഈ സംഘടനകളുടെ വക്താക്കളും സെമിനാറിൽ പങ്കെടുത്തിരുന്നു.

സ്വാതന്ത്ര്യാനന്തര ഇന്ത്യ ഏകദേശം നാല് പതിറ്റാണ്ടുകളോളം ചേരിചേരായ്മയുടെ അടിസ്ഥാനത്തിലുള്ള ഏറക്കുറെ സ്വതന്ത്രമായ വിദേശനയമാണ് സ്വീകരിച്ചതെന്ന് സെമിനാർ വിലയിരുത്തി. സ്വാശ്രയത്തിലൂന്നിയ സമ്പദ്ഘടനയാണ് ഇതിന് ആധാരമായി വർത്തിച്ചത്. പാശ്ചാത്യ ലിബറൽ അജണ്ടകൾക്കനുസിച്ച് ഇന്ത്യൻ വിദേശനയം മാറുന്നതും അത് അമേരിക്കൻ വിധേയത്വമായി രൂപാന്തരപ്പെടുന്നതും തൊള്ളായിരത്തി തൊണ്ണൂറുകൾ മുതൽക്കാണ്.

സോവിയറ്റ് യൂനിയന്റെ തകർച്ചക്കു ശേഷം അമേരിക്ക എല്ലാം കൈയടക്കുകയും അമേരിക്കയെ ചെറുക്കുന്ന എല്ലാ വിദേശനയങ്ങളെയും നിർവീര്യമാക്കുകയുമാണുണ്ടായത്. അമേരിക്കയിലെ ഇരട്ട ടവർ-പെന്റഗൺ ആക്രമണത്തോടെ 'നമ്മളെന്നും' 'അവരെന്നും' അമേരിക്ക കൃത്യമായി അടയാളരേഖ വരച്ചു. പശ്ചിമേഷ്യയിലുള്ള രാജ്യങ്ങളും സമൂഹങ്ങളും 'നമുക്ക്' എതിരാണ്. അതിനാലവ തകർക്കപ്പെടണം. ഇസ്‌ലാമിനെക്കുറിച്ച് ഭീതി പരത്തിയും മുസ്‌ലിംകളെ പിശാചുക്കളായി ചിത്രീകരിച്ചുമാണ് 'ഭീകരതാവിരുദ്ധ യുദ്ധം' അരങ്ങേറിയത്. അതിനാലിത് നാടുകളെ കീഴ്പ്പെടുത്താനും അവരുടെ വിഭവങ്ങൾ കൈയടക്കാനുമുള്ള നീക്കം മാത്രമാണ്.

ഇന്ത്യ അമേരിക്കയുടെ ആഗോളമേധാവിത്വത്തിന് കീഴൊതുങ്ങി എന്നതിന്റെ അടയാളമാണ് 2005 ജൂലൈ 18-ന് അമേരിക്കയുമായി ഒപ്പുവെച്ച ആണവ കരാർ. സമീപകാലത്ത് ആഗോള വ്യാപാര സംഘടനയുടെ സമ്മേളനത്തിൽ ഇന്ത്യ സ്വീകരിച്ച നിലപാടുകളും ഇസ്രയേലുമായി ശക്തിപ്പെട്ടുവരുന്ന ഉഭയകക്ഷി ബന്ധങ്ങളും ഇറാനെ ഒരുനിലക്കും പിന്തുണക്കേണ്ടതില്ലെന്ന തീരുമാനവും ഇന്തോ-പാക്-ഇറാൻ ഗ്യാസ് പൈപ്പ് ലൈൻ പദ്ധതിയിൽനിന്ന് പിൻവാങ്ങാൻ ശ്രമിക്കുന്നതുമൊക്കെ ഇന്ത്യ വ്യക്തമായും അമേരിക്കൻ പക്ഷത്ത് ചേർന്നു എന്നതിന്റെ തെളിവാണ്.

തെക്കനേഷ്യൻ രാഷ്ട്രങ്ങളുമായുള്ള ബന്ധങ്ങൾ ഇന്ത്യ മെച്ചപ്പെടുത്തണമെന്നും സെമിനാർ നിർദേശിച്ചു. സാർക്ക് കൂട്ടായ്മയെ ശക്തിപ്പെടുത്തിയാലാണ് ഇത് സാധ്യമാവുക. ലബനാനിൽ ഹിസ്ബുല്ല ഇസ്രയേലിനെതിരെ ആഞ്ഞടിച്ചതും ഇറാഖിലും അഫ്ഗാനിലും നേരിടുന്ന കനത്ത തിരിച്ചടികളും സാമ്രാജ്യത്വശക്തികളെ പ്രതിരോധത്തിലാക്കിയിരിക്കുകയാണെന്ന് സെമിനാർ വിലയിരുത്തി.

ഭരണകൂടത്തിന്റെ ആഭ്യന്തരനയങ്ങളുടെ പ്രതിഫലനം തന്നെയാണ് വിദേശനയങ്ങളിലും കാണാൻ കഴിയുക. അതിനാൽ വിദേശനയത്തിലുണ്ടാവുന്ന മാറ്റം ഓരോ പൗരന്റെയും നിത്യജീവിതത്തെ ബാധിക്കും. പൊതുതാൽപര്യങ്ങൾ മാനിച്ചും വിദേശശക്തികളുടെ സമ്മർദങ്ങൾക്ക് വിധേയപ്പെടാതെയുമാണ് നയങ്ങൾ രൂപപ്പെടുത്തേണ്ടത്. എന്നാൽ ജനാഭിലാഷങ്ങൾക്ക് യാതൊരു പരിഗണനയും കൊടുക്കാതെയാണ് ഇപ്പോൾ ഇന്ത്യ അതിന്റെ വിദേശനയം ചിട്ടപ്പെടുത്തിക്കൊണ്ടിരിക്കുന്നത്.

സാമൂഹിക പ്രവർത്തകൻ ഗോപാൽ റായ്, *മില്ലി ഗസറ്റ്* എഡിറ്റർ ഡോ. സഫറുൽ ഇസ്‌ലാം ഖാൻ, ജാമിഅ മില്ലിയ്യയിലെ എസ്.എം. പാഷ, മജ്‌ലിസെ മുശാവറ ചെയർമാൻ സയ്യിദ് ശിഹാബുദ്ദീൻ, ഡോ. എസ്.ക്യു.ആർ ഇൽയാസ് (ജമാഅത്തെ ഇസ്‌ലാമി), അബ്ദുൽ ഹമീദ് നുഅ്മാനി (ജംഇയ്യത്തുൽ ഉലമാ), അബ്ദുൽ വഹാബ് ഖിൽജി (അഹ്‌ലെ ഹദീസ്), അഖീൽ ഗർവി (ശീഈ പ്രതിനിധി), അമേരിക്കയിൽ താമസിക്കുന്ന സാമൂഹിക പ്രവർത്തക ഡോ. ഫാത്വിമാ ശഹ്നാസ് തുടങ്ങിയ നിരവധി പ്രമുഖർ പങ്കെടുത്തു. ■

## ലഖ്നൗ സംഘർഷം നിർഭാഗ്യകരം – ജമാഅത്ത് സെക്രട്ടറി ജനറൽ

**നബിദിനാഘോഷവേളയിൽ** ലഖ്നൗവിലും കാൻപൂരിലും ഉണ്ടായ അനിഷ്ട സംഭവങ്ങൾ നിർഭാഗ്യകരമാണെന്ന് ജമാഅത്തെ ഇസ്‌ലാമി സെക്രട്ടറി ജനറൽ മുഹമ്മദ് ജഅ്ഫർ പറഞ്ഞു. ലഖ്നൗ നഗരത്തിൽ സുന്നികളും ശീഈകളും തമ്മിൽ സംഘർഷമുണ്ടായതായാണ് റിപ്പോർട്ട്. മുസ്‌ലിംസമൂഹം വിഭാഗീയ ചിന്തകൾ അവസാനിപ്പിച്ച് ലഖ്നൗ നഗരത്തിന്റെ സുരക്ഷിതത്വവും സാഹോദര്യബോധവും വീണ്ടെടുക്കാൻ മുന്നോട്ടുവരണമെന്ന് അദ്ദേഹം അഭ്യർഥിച്ചു. മുസ്‌ലിംസമൂഹത്തെ പല ഗ്രൂപ്പുകളായി ശിഥിലീകരിച്ച് അവരെ തമ്മിൽ തല്ലിക്കാൻ ലോകത്താകമാനം ചില ശക്തികൾ കൊണ്ടുപിടിച്ച് ശ്രമിച്ചുകൊണ്ടിരിക്കുന്ന ആപത്കരമായ ഒരു സന്ദർഭത്തിലാണ് ഈ തമ്മിൽപ്പോര്. ഇത് പ്രവാചകാധ്യാപനങ്ങളെ ചവിട്ടിമെതിക്കുന്നതിന് തുല്യമാണ്. മുസ്‌ലിംസമൂഹത്തിന്റെ പൊതുതാൽപര്യം മാനിച്ച് കലഹങ്ങൾ അവസാനിപ്പിക്കാൻ എല്ലാവരും തയാറാകണം. സാഹോദര്യവും പരസ്പര വിശ്വാസവും പുനഃസ്ഥാപിക്കാനുള്ള ശ്രമങ്ങളും അടിയന്തരമായി നടക്കേണ്ടിയിരിക്കുന്നു.